പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :594 — 13.01.2021 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

ചോദ്യം

ശ്രീ . ടി. വി. ഇബ്രാഹിം

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതി ചാർജിലുണ്ടായ വർദ്ധനവ് എത്രയെന്ന് അറിയിക്കാമോ; | (എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, നാളിതുവരെ രണ്ടു തവണ (18.04.2017-ലും 08.07.2019-ലും) വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 18.04.2017-ലെ നിരക്ക് വർദ്ധനവ് 4.77 ശതമാനവും, 08.07.2019-ലെ നിരക്ക് വർദ്ധനവ് 6.81 ശതമാനവും ആയിരുന്നു. |
| (ബി) വൻകിട കുടിശ്ശികക്കാരിൽ നിന്ന് കോടികൾ പിരിച്ചെടുക്കാനുണ്ടായിട്ടും അതുചെയ്യാതെ സാധാരണ ഉപഭോക്താക്കളിൽ അധികഭാരം അടിച്ചേൽപ്പിക്കുന്നത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; | (ബി) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് പരിഷ്ക്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 62,86 വകുപ്പുകൾ പ്രകാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതു കൂടാതെ കേന്ദ്ര താരിഫ് നയം – 2016, കെ.എസ്.ഇ.ആർ.സി 2018-ൽ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയിലെ സംഗതമായ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ വരുംവർഷത്തെ പ്രതീക്ഷിത വരവു ചെലവു കണക്കുകളുടെ അന്തരം, വൈദ്യുതി വിൽപ്പനയിലൂടെ ലഭ്യമാകുന്ന വരുമാനം, മുൻകാലങ്ങളിൽ താരിഫ് നിർണ്ണയ പ്രക്രിയയിലൂടെ അനുവദിച്ചു തന്നിട്ടുള്ളതും എന്നാൽ നികത്തപ്പെടാത്തതുമായ കമ്മി, പൊതു വിലവർദ്ധനവ് എന്നിവയുടെ അടിസ്ഥാനത്തിലാണ്, ഓരോ വിഭാഗം ഉപഭോക്താക്കൾക്കുള്ള വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നത്. ചിലയിനങ്ങളിൽ പ്രധാനപ്പെട്ടവ, വൈദ്യുതി വാങ്ങൽ ചെലവും (Power Purchase Cost) പ്രവർത്തന പരിപാലന ചെലവും (Operation and Maintenance Cost) ഉം ആകുന്നു.<br>കുടിശ്ശിക പിരിച്ചെടുക്കലും, താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിങ്ങ് സമ്പ്രദായമാണ് (Accural Based Accounting) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ അനുവർത്തിച്ചു വരുന്നത്. ആയതിനാൽ, പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക ഒന്നും തന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കുകയില്ല. തന്മൂലം, കുടിശ്ശികകൾ ഒന്നും തന്നെ വൈദ്യുതി നിരക്കിൽ പ്രതിഫലിക്കുകയില്ല. എന്നാൽ വൻകിടക്കാരോ ചെറുകിടക്കാരോ വ്യത്യാസമില്ലാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തി വരുന്നുണ്ട്. |
| (സി) ഈ സർക്കാർ ചുമതലയേൽക്കുന്ന സമയത്ത് വൻകിടക്കാരിൽ (എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾ) നിന്നുള്ള കുടിശ്ശിക എത്രയായിരുന്നു, ഇപ്പോൾ കുടിശ്ശിക എത്രയാണ് എന്നീ കാര്യങ്ങൾ അറിയിക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് ഇ.എച്ച്.റ്റി ഉപഭോക്താക്കളിൽ നിന്നും 470.49 കോടി രൂപ കുടിശ്ശികയാണ് കിട്ടാനുണ്ടായിരുന്നത്. ഇപ്പോൾ ഇത് 370.44 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ